(ഇ) ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ അവരുടെ ആവശ്യങ്ങൾ എല്ലാം കണക്കിലെടുത്ത് എത്ര സംഖ്യയുടെ പൈപ്പുകൾ വാങ്ങിക്കേണ്ടതായിവരും ;

(എഫ്) ജല-മലിനജല അതോറിറ്റിയുടെ സാമ്പത്തികപോരായ്മ കണക്കിലെടുത്ത് ഈ വർഷം പൈപ്പ് വാങ്ങിക്കുന്നത് നിർത്തിവയ്ക്കാൻ നടപടിയെടുക്കുമോ ?

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ) :

(എ,ബി,സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) എല്ലാ ആഫീസുകളിൽ നിന്നും ആവശ്യമുള്ള പൈപ്പുകളുടെ കണക്കുകൾ ലഭിച്ചശേഷമേ സംഖ്യ തിട്ടപ്പെടുത്താൻ സാദ്ധ്യമാകുകയുള്ളൂ.

(എഫ്) ആവശ്യത്തിനുള്ള പൈപ്പ് വാങ്ങൽ നിറുത്തിവയ്ക്കത്തക്ക വിധത്തിൽ ഉള്ള സാമ്പത്തിക പ്രതിസന്ധി അതോറിറ്റിയ്ക്കില്ല.

1985-86-ൽ സാമൂഹ്യവികസനത്തിനു് നീക്കിവച്ച തുക

* 359. [418] ഡോക്ടർ എ. സുബ്ബറാവു :

ശ്രീ. കെ. ഇ. ഇസ്മയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് സാമൂഹ്യ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86-ൽ സാമൂഹ്യവികസനത്തിനായി ബഡ്ജറ്റിൽ എന്തു തുക നീക്കിവച്ചിട്ടുണ്ട് ;

(ബി) പ്ലാൻ ഇനത്തിൽ എത്ര ; നോൺ പ്ലാൻ ഇനത്തിൽ എത്ര ?

സാമൂഹ്യ വികസന വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ) 1985-86-ലെ ബഡ്ജറ്റിൽ സാമൂഹ്യ വികസനത്തിനായി 72,22,17,600 രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പ്ലാൻ ഇനത്തിൽ 64,24,24,000 രൂപയും നോൺ പ്ലാൻ ഇനത്തിൽ 7,97,93,600 രൂപയുമാണു് ഉൾപ്പെടുത്തിയിട്ടുള്ളത്.

നഗരസഭകൾക്കുള്ള ഗ്രാൻറ്

* 360 [419] ശ്രീ. എ. കെ. പത്മനാഭൻ :

,, കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭകൾക്കു് ഏതെല്ലാം തരത്തിലുള്ള ഗ്രാൻറുകളാണു് നൽകുന്നത് ;

(ബി) ഇതിൽ ജനറൽ പർപ്പസ് ഇ. ഡി. എ. ഗ്രാൻറ് എന്നീ ഗ്രാൻറ് ഇനത്തിൽ 1984-85-ൽ എന്തു തുക നൽകി, ഇതിനുവേണ്ടി 1984-85 ബഡ്ജറ്റിൽ വകകൊള്ളിച്ച തുക എത്ര ;

(സി) നടപ്പു് സാമ്പത്തിക വർഷത്തിൽ ഇതിനായി എത്ര ലക്ഷം രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) :

(എ) നഗര സഭകൾക്കു് നൽകുന്നത് ജനറൽ പർപ്പസ് ഗ്രാൻറ്, സ്പെസിഫിക് പർപ്പസ് ഗ്രാൻറ്, ഇരുപതിന പരിപാടിയിൻ കീഴിലുള്ള ഗ്രാൻറ്, ആദായകരമല്ലാത്ത നഗരോദ്ധാരണ പ്രവർത്തനങ്ങൾക്കുള്ള ഗ്രാൻറ് എന്നിവയാണു്.

LIBRARY ARCHIVES Kerala Legislative Assembly